നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2

194. [963] ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്കു നിയമനം നടത്തുമ്പോൾ സ്പെഷ്യൽ റൂൾ പ്രകാരമുള്ള റോട്ടാ-ക്വാട്ടാ പാലിക്കണമെന്ന് ബഹു. കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് ഏതെങ്കിലും വിധി ന്യായത്തിൽ അനുശാസിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിധിന്യായം ഏതൊക്കെ ഒ. പി. കളിലായിരുന്നുവെന്നും എന്തായിരുന്നുവെന്നും പകർപ്പുകൾ സഹിതം വ്യക്തമാക്കുമോ ;

(സി) സെക്രട്ടറിയേറ്റ് ക്വാട്ടായിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം, ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 ഒഴിവുകളിലേക്ക് സർക്കാരിന്റെ ഇതര വകുപ്പുകളിൽ നിന്നും, ഹൈക്കോടതിയിൽ നിന്നും ഉള്ള ഉദ്യോഗാർത്ഥികളെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ ;

(ഡി) സെക്രട്ടേറിയറ്റ് ക്വാട്ടായിൽ നിന്നുള്ള എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന അഡ്വൈസ് നൽകിയെന്നും അവരിൽ ആരൊക്കെ ജോലിയിൽ പ്രവേശിക്കാതിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ഇ) മേൽ ഒഴിവുകളിൽ കാറ്റഗറി-4-ൽപ്പെട്ട ഏതൊക്കെ ഉദ്യോഗാർത്ഥികൾക്ക് ഏതൊക്കെ തീയതികളിൽ ഏതൊക്കെ റൊട്ടേഷൻ അനുസരിച്ച് നിയമനം നൽകി എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത വിധിന്യായം ഒ. പി. 13328/92 എന്ന കേസ്സിലായിരുന്നു ഇതോടൊപ്പം ഒ. പി. നം. 11584, 3541, 11350, 11595, 15629/93, 14262, 18355/94, 744 3439/95, 715,3456/96, ഒ. പി. നം. 15877/94,2749, 6737, 18196/95, 470, 2009/96 എന്നീ ഒ. പി. കളും പരിഗണിച്ചുവരുന്നു. നീലകണ്ഠകുറുപ്പ് V/s സ്റ്റേറ്റ് ഓഫ് കേരള എന്ന കേസ്സിൽ 50% ഒഴിവുകളിൽ നേരിട്ടുള്ള നിയമനം വഴി കാറ്റഗറി (i), കാറ്റഗറി (ii) ലീഗൽ അസിസ്റ്റന്റ് നിയമനം നടത്തുമ്പോൾ റേഷ്യോയും റൊട്ടേഷനും പാലിക്കണമെന്ന് അനുശാസിച്ചിട്ടുണ്ട്. വിധിന്യായത്തിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. †

(സി) ഉണ്ട്.

(ഡി) 25-8-2003-ൽ പ്രസിദ്ധീകരിച്ച റാങ്കുലിസ്റ്റിൽ നിന്നും 5 പേർക്ക് നിയമന അഡ്വൈസ് നൽകിയിട്ടുണ്ട്. അവരിൽ ശ്രീ. ഷൈൻ, ശ്രീ. എസ്. ഹക്ക്, ശ്രീമതി അനില എന്നിവർ ജോലിയിൽ പ്രവേശിച്ചിട്ടില്ല.

(ഇ) മേൽപ്പറഞ്ഞ ഒഴിവുകളിൽ കാറ്റഗറി (iv)-ൽ പെട്ട ആർക്കും തന്നെ നിയമനം നൽകിയിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly